**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4045** **15-07-2022 - ൽ മറുപടിയ്ക്ക്**

**അനിമൽ ബർത്ത് കൺട്രോളർ പ്രോഗ്രാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മഞ്ഞളാംകുഴി അലി** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തെരുവുനായകളുടെ ശല്യം നിയന്ത്രിക്കുന്നതിനുള്ള അനിമൽ ബർത്ത് കൺട്രോളർ പ്രോഗ്രാം (എ ബി സി പ്രോഗ്രാം) എല്ലാ തദ്ദേശസ്ഥാപനങ്ങളിലും കാര്യക്ഷമമായി നടപ്പിലാക്കി വരുന്നുണ്ടോ; പദ്ധതിയ്ക്കായി സർക്കാർ നിലവിൽ എന്തെല്ലാം സഹാങ്ങളാണ് തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുന്നത്; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ തെരുവുനായകളുടെ ശല്യം നിയന്ത്രിക്കുന്നതിനായി അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം നടത്തി വന്നിരുന്നു. ഗ്രാമപഞ്ചായത്തുകൾ പ്ലാൻ ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ നിശ്ചിത തുക വകയിരുത്തി പദ്ധതി ആവിഷ്കരിക്കുകയും വകയിരുത്തിയ തുക ഉപയോഗിച്ച് സംയുക്ത പ്രോജക്ട് ആയി ജില്ലാ പഞ്ചായത്തിന്റെയും മറ്റും നേതൃത്വത്തിലും നഗരസഭ ഉൾപ്പടെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ടും നിർവ്വഹണം നടത്തി വരുന്നു. കൂടാതെ ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹണ ഏജൻസിയായ കുടുംബശ്രീക്ക് ഫണ്ട് കൈമാറുകയും മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടെ എ.ബി.സി പദ്ധതി നടപ്പിലാക്കി വരുകയും ചെയ്തിരുന്നു.<br><br>എന്നാൽ നിർവ്വഹണ ഏജൻസിയായ കുടുംബശ്രീയുടെ അനിമൽ വെൽഫയർ ബോർഡ് ഓഫ് ഇന്ത്യയിലെ രജിസ്ട്രേഷൻ, ഈ മേഖലയിലെ തൊഴിൽ വൈദഗ്ധ്യം എന്നീ മാനദണ്ഡങ്ങൾ പരിശോധിച്ച ബഹു. ഹൈക്കോടതി ടി വിഷയങ്ങളിൽ ആവശ്യമായ അന്വേഷണം നടത്തുന്നതിനും ആയതിൽവ്യക്തത വരുത്തുന്നത് വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എ.ബി.സി പ്രോഗ്രാമിന് വേണ്ടി കുടുംബശ്രീക്ക് തുക കൈമാറുന്നത് തത്കാലം നിർത്തിവയ്ക്കുവാൻ നിർദ്ദേശിച്ച് WP(C) 13204/2021 കേസിൽ 19/07/2021 ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ എ.ബി.സി പ്രോഗ്രാമിന് വേണ്ടി കുടുംബശ്രീക്ക് തുക കൈമാറുന്നത് തത്കാലം നിർത്തിവച്ചിട്ടുണ്ട്. നിലവിൽ ഹൈക്കോടതി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ |

| | | | |
|---|---|---|---|
| | | | അംഗീകാരത്തിന് അപേക്ഷ നൽകിയിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് കുടുംബശ്രീക്ക് പദ്ധതിയിൽ ഭാഗമാകുവാൻ സാധിക്കും. |
| (ബി) | ഇത് സംബന്ധിച്ച ചട്ടങ്ങളിൽ അനുശാസിക്കും പ്രകാരമുള്ള മോണിറ്ററിംഗ് കമ്മിറ്റി എല്ലാ തദ്ദേശസ്ഥാപനങ്ങളിലും രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം തദ്ദേശസ്ഥാപനങ്ങളിലാണ് രൂപീകരിക്കാനുള്ളതെന്ന് അറിയിക്കുമോ; | (ബി) | എ.ബി.സി പ്രോഗ്രാമിന്റെ ഫലപ്രദമായ നടത്തിപ്പമായി ബന്ധപ്പെട്ട് 907 ഗ്രാമപഞ്ചായത്തുകളിലും 57 നഗരസഭകളിലും മോണിറ്ററിഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. മോണിറ്ററിഗ് കമ്മിറ്റികൾ രൂപീകരിക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.<br><br>ഗ്രാമപഞ്ചായത്തുകൾ<br><br>ഇടുക്കി.<br>1. ഇടമലക്കുടി<br><br>പാലക്കാട്.<br>1.അനങ്ങനടി 2.കാഞ്ഞിരപ്പുഴ 3.കേരളശ്ശേരി 4.കൊടുവായൂർ 5.കൊപ്പം 6.മങ്കര 7. മുതുതല 8.നെന്മാറ 9.ഓങ്ങല്ലൂർ 10.പറളി 11.പരുതൂർ 12.പുതുശ്ശേരി 13.പുതുക്കാട് 14.തരൂർ 15.തച്ചനാട്ടുകര 16.തേങ്കുറിശ്ശി 17. വണ്ടാഴി 18. വിളയൂർ<br><br>ആലപ്പുഴ<br>1. ബുധനൂർ 2.ചമ്പക്കുളം 3.ചെറിയനാട് 4.കൈനകരി 5.കഞ്ഞിക്കുഴി 6.കോടംതുരുത്ത 7.കൃഷ്ണപുരം 8.മാവേലിക്കര താമരക്കുളം 9. മാവേലിക്കര തെക്കേക്കര 10.മുഹമ്മ 11.പാലമേൽ 12.തഴക്കര 13.ആല 14.പെരുമ്പളം 15.തലവടി<br><br>നഗരസഭകൾ<br>1.കൊച്ചി 2.ആറ്റിങ്ങൽ 3.നെയ്യാറ്റിൻകര 4.വർക്കല 5.കൊട്ടാരക്കര 6.സൗത്ത് പറവൂർ 7.ചെങ്ങന്നൂർ 8.ചേർത്തല 9.കായംകുളം 10.ഹരിപ്പാട് 11.ഈരാറ്റുപേട്ട 12.ഏറ്റുമാനൂർ 13.ആലുവ 14.അങ്കമാലി 15.കൂത്താട്ടുകുളം 16.പെരുമ്പാവൂർ 17.തൃക്കാക്കര 18.ചെർപ്പുളശ്ശേരി 19.ഒറ്റപ്പാലം 20.പട്ടാമ്പി 21.മലപ്പുറം 22.താനൂർ 23.വളാഞ്ചേരി 24.ഫറോക്ക് 25.കൊടുവള്ളി 26.കൊയിലാണ്ടി 27.മുക്കം 28.പയ്യോളി 29.രാമനാട്ടുകര 30.മാനന്തവാടി 31. ഇരിട്ടി 32.കൂത്തുപറമ്പ 33.മട്ടന്നൂർ 34.പയ്യന്നൂർ 35.കാഞ്ഞങ്ങാട് 36.നീലേശ്വരം |

| | | | |
|---|---|---|---|
| (സി) | തെരുവുനായ്ക്കളെ പാർപ്പിക്കുന്നതിനുള്ള ഷെൽട്ടർ നിർമ്മാണത്തിനുവേണ്ട ധനസഹായം അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇൻഡ്യയിൽ നിന്ന് ലഭ്യമാകുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനായി മൃഗസംരക്ഷണ വകുപ്പിൽ നിന്നും എന്തെങ്കിലും സഹായം തദ്ദേശസ്ഥാപനങ്ങൾക്ക് ലഭിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | തെരുവുനായ്ക്കളെ പാർപ്പിക്കുന്നതിനുള്ള ഷെൽട്ടർ നിർമ്മാണത്തിനുവേണ്ട ധനസഹായം അനിമൽ വെൽഫയർ ബോർഡ് ഓഫ് ഇന്ത്യയിൽ നിന്നോ മൃഗസംരക്ഷണ വകുപ്പിൽനിന്നോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ